# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 616      03/03/2020-ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ സ്മാർട്ട് ക്ലാസ്സ് റൂം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.<br><br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ ഇതിനായി ഏതൊക്കെ സ്കൂളുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | എൽ.പി.എസ് ആമയൂർ നോർത്ത്, പി.വി. എൽ.പി.എസ് കലുക്കല്ലൂർ എന്നീ സ്കൂളുകളെയാണ് പട്ടാമ്പി മണ്ഡലത്തിൽ സ്മാർട്ട്ക്ലാസ്റൂം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി തിരഞ്ഞെടുത്തിട്ടുള്ളത്. ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് കൊപ്പം സേവന സഹകരണ ബാങ്ക്, വലപ്പുഴ സേവന സഹകരണ ബാങ്ക് എന്നീ സംഘങ്ങൾ തയ്യാറായിട്ടുണ്ട്. സ്കൂളുകളിലെ ആവശ്യങ്ങൾ സംബന്ധിച്ച് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**